പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1294 03/12/2015 ൽ മറുപടിക്ക്

## സർവ്വേ അദാലത്ത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റവന്യൂ സർവ്വേ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുണ്ടായിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിയും, റവന്യൂ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ, മാസങ്ങളായോ, പരിഹരിക്കപ്പെടാതെ കിടക്കുന്നതും, എന്നാൽ നിയമക്കുരുക്കുകളോ, കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) റവന്യൂ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ-സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും , LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31/10/2014 വരെ ലഭിച്ചതുമായ 4,76,377 അപേക്ഷകളിൽ 4,75,796 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ